പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358

ഒക്ടോബർ 05, 2016

## ഉത്തർപ്രദേശിലെ മീററ്റിലുള്ള മെർക്കന്ററയിൽ അർബൻ സഹകരണ ബാങ്കിനു നൽകിയിരുന്ന നിർദ്ദേശങ്ങളുടെ സാധുത, ആർ ബി ഐ നീട്ടി.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ (ആർ ബി ഐ), മീററ്റിലെ മെർക്കന്ററയിൽ അർബൻ സഹകരണബാങ്കിന് നൽകിയിരുന്ന നിർദ്ദേശങ്ങൾ, 2016 ഒക്ടോബർ 6-ാം തീയതി മുതൽ അടുത്ത ആറുമാസക്കാലത്തേയ്ക്കുകൂടി, പുനരവലോകനത്തിനു വിധേയമായി, നീട്ടി. 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട്, സെക്ഷൻ 35A, സബ്സെക്ഷൻ (1) അനുസരിച്ച് (AACS) 2015 സെപ്തംബർ 30 ന് നൽകിയ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ബാങ്ക് 2015 ഒക്ടോബർ 6 മുതൽ പ്രവർത്തിച്ചിരുന്നത്.

2016 മാർച്ച് 29 ലെ മുകളിൽ പറഞ്ഞ ഉത്തരവ് ഭേദഗതി ചെയ്യുകയും നീട്ടുകയും ചെയ്തിരുന്നു. 2016 ഒക്ടോബർ 5 വരെ നീട്ടിയ ഈ ഉത്തരവിന്റെ സാധുത 2016 സെപ്തംബർ 30 ലെ ഭേദഗതി ചെയ്ത ഉത്തരവനുസരിച്ച്, പുനരവലോകനത്തിനു വിധേയമായി, 2016 ഒക്ടോബർ 6 മുതൽ 2017 ഏപ്രിൽ 5 വരെ ആറുമാസക്കാലത്തേയ്ക്ക് വീണ്ടും നീട്ടിയിരിക്കുന്നു. ഈ പറഞ്ഞ ഉത്തരവിന്റെ മറ്റ് വ്യവസ്ഥകളും ഉപാധികളും മാറ്റമില്ലാതെ തുടരും. പൊതുജനങ്ങൾക്ക് വായിച്ചറിയാൻ വേണ്ടി, 2016 സെപ്തംബർ 30 ലെ ഉത്തരവിന്റെ ഒരു കോപ്പി ബാങ്കിന്റെ കെട്ടിടത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

റിസർവ് ബാങ്ക് ഉത്തരവിന്റെ ഈ ഭേദഗതിയെ സഹകരണ ബാങ്കിന്റെ സാമ്പത്തികസ്ഥിതിയുടെ മെച്ചപ്പെടലായോ, വഷളാകലായോ കരുതേണ്ടതില്ല. സാഹചര്യങ്ങൾക്കനുസരിച്ച റിസർവ് ബാങ്ക് ഈ ഉത്തരവിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ടോ എന്ന് പരിഗണിക്കുന്നതാണ്.

**പ്രസ്സ് റിലീസ് 2016-2017/863** **അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്‌വൈസർ